QP CODE: 22002359

22002359

Reg No : .....................

Name : .....................

# M A DEGREE (CSS) EXAMINATION , NOVEMBER 2022

## Second Semester

M A MALAYALAM

## CORE - ML010201 - AADHUNIKA MALAYALA KAVITHA - ONNAAM GHATTAM

2019 Admission Onwards

724436AE

Time: 3 Hours Weightage: 30

**I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. " വിരുദ്ധ മിക്കേരളപാണ്ഡ്യഭൂക്കളിൽ
   പരക്കെയാചാരമിവണ്ണമെങ്കിലും
   അഹോ !വിചിത്രംമലയൂഴിയാഴിയെ-
   ന്നിതൊക്കെയും കൂടി മറിച്ചു വേണമോ " - വിശദമാക്കുക
2. ജാതി വേണ്ട മതം വേണ്ട
   ദൈവം വേണ്ട മനുഷ്യനു " - വിവക്ഷിതമെന്ത്?
3. "ചരിതാർത്ഥതയാർന്ന ദേഹിയിൽ
   തിരികെ ശ്ലോഭനമല്ല ജീവിതം
   പിരിയേണ മരങ്ങിൽ നിന്നു ട ൻ
   ശരിയായി ക്കളിതീർന്നനട്ടുവൻ " ഇങ്ങനെ ചിന്തിക്കാനുള്ള കാരണമെന്ത്
4. " ലോകയാത്രചെയ്കയാണദ്ദമ്പതിമാരിത്തരത്തി -
   ലേകയോഗക്ഷേമമെങ്ങുണ്ടിതിനുമീതെ !" സന്ദർഭവും ആശയവും വിശദമാക്കുക
5. സിംബലിസത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം
6. എത്ര നിർവികാരമീ പുതുതാം തലമുറ - കവി ഇങ്ങനെ പറയാനുള്ള കാരണമെന്ത്
7. "എൻനാടുചമയുമ്പോ, ളെൻ പൗരർമോദിക്കുമ്പോൾ -
   ളെന്നെയോർക്കുന്നീ, ലെൻതോൾ ഞെരിച്ചമഴുവേയും" - സന്ദർഭം വ്യക്തമാക്കുക
8. പ്രതികവിതയുടെ പ്രത്യേകതകൾ എന്തെല്ലാം?
9. ആഫ്രിക്കയുടെ വന്യത എങ്ങിനെയാണ് കവി അവതരിപ്പിച്ചിരിക്കുന്നത്
10. വളവുകൾ എന്നകവിത ജീവിതത്തിന്റെ പ്രതീകകല്പനയാകുന്നതെങ്ങനെ

(8×1= 8 weightage)

**II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. നിയോക്ലാസ്സിക് പാരമ്പര്യത്തിനു ശേഷം കവിതാ സാഹിത്യത്തിൽ രൂപം കൊണ്ട പുതിയ കാവ്യസങ്കേതങ്ങൾ മലയാളസാഹിത്യത്തിന് നൽകിയ സംഭാവനകൾ വിലയിരുത്തുക

12. .മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും
മൂടീട്ടു വൻ കറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി പ്രാഞ്ചി -
ക്കിതച്ചങ്ങനെ
നാടൻ കച്ചയുടുത്തുമേനി മുഴുവൻ
ചേറും പുരണ്ടിപ്പൊഴി
പ്പാടത്തൂന്നു വരുന്ന നിൻ വരവു
കണ്ടേറെക്കൊതിക്കുന്നു ഞാൻ - കാലഘട്ടത്തിന്റെയും കാവ്യ പ്രസ്ഥാനത്തിന്റെയും സവിശേഷതകളെ ഈ വരികൾ എത്രമാത്രംവിശദീകരിക്കുന്നുണ്ട്?

13. രൂപ ശില്പത്തേക്കാൾ ഉള്ളടക്കത്തിനു പ്രാധാന്യം നൽകി രചിക്കപ്പെട്ട കൃതിയാണ് ജാതിക്കുമ്മി -ശരിയോ? പരിശോധിക്കുക

14. കണ്ണുനീർത്തുള്ളിയിൽ കവിഅവതരിപ്പിക്കുന്ന ലോകതത്വങ്ങളെ ക്രോഡീകരിക്കുക

15. "ഹൃദയമില്ലാത്ത ലോകമേ യെന്തിനാ
യതിനു കാരണം ചോദിപ്പുനീ സദാ"- വ്യാഖ്യാനിക്കുക

16. പി.കുഞ്ഞിരാമൻ നായരുടെകാവ്യരചനാപാടവം സൗന്ദര്യദേവത എന്നകവിതയെ മുൻനിർത്തിവിവരിക്കുക

17. സുഫല എന്ന കവിതയുടെ സാംഗത്യം വ്യക്തമാക്കുക

18. ഇത്തിരിപ്പൂവേ ചുവന്നപൂവേ എന്നകവിതയിൽ കടന്നുവരുന്ന ഹരിതസൗന്ദര്യദർശനം വിശദമാക്കുക

(6×2= 12 weightage)

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. മറ്റ് മഹാകാവ്യങ്ങളിൽ നിന്ന് ശ്രീയേശു വിജയം മഹാകാവ്യത്തിനുള്ള സവിശേഷതകൾ എന്തെല്ലാം?വിമർശനാത്മകമായി പരിശോധിക്കുക.

20. വൈയക്തികാനുഭവങ്ങളുടെ ആവിഷ്ക്കാരമാണ് വിലാപകാവ്യങ്ങളെ ഹൃദയസ്പർശിയാക്കുന്നത്- വിമർശനാത്മകമായി വിലയിരുത്തുക

21. ചതുരശ്രശോഭിയായ വ്യക്തിത്വം കൊണ്ടും പ്രസാദാത്മകമായ സർഗവൈഭവം കൊണ്ടും ആധുനിക കേരളത്തിന്റെ സാംസ്കാരിക നായകത്വം കൈവരിച്ച ഉജ്ജ്വല പ്രഭാവനായ കവിയാണ് വള്ളത്തോൾ - വിലയിരുത്തുക

22. വള്ളത്തോളിന്റെ കാവ്യശൈലിയുടെ പ്രത്യേകതകൾ അച്ഛനും മകളും എന്ന കവിതയെ മുൻനിർത്തി ഉപന്യസിക്കുക

(2×5= 10 weightage)